# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/2042/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/2042/2022 തീയ്യതി: 27/03/2023

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 10-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അതുൽജിത്ത് ജി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീത ആർ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രാജൻ ആചാരി ജി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിനിഷ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബൈജുഷ എ. എം. | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. പി. ഗീത | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 15-11-2021 |
| ഡോ. സുനിത ആർ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 15-11-2021 | 28-01-2022 |
| ഡോ. രതീഷ് കുമാർ എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 28-01-2022 | 31-03-2022 |
| ഡോ. സബിത വിജയൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. എം.കെ.വിമല | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ശൂരനാട് | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ സലീം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി പത്മജാദേവി ആർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വാതി കണ്ണൻ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീ.ബേബി | വി.ഇ.ഒ. | 01-04-2021 | 06-08-2021 |
| ശ്രീ. സന്തോഷ് ജോസഫ് | വി.ഇ.ഒ. | 31-08-2021 | 31-03-2022 |
| ശ്രീമതി സനൂജ കെ.എസ്. | വി.ഇ.ഒ. | 01-04-2021 | 20-10-2021 |
| ശ്രീ. അനന്തുസജി | വി.ഇ.ഒ. | 29-09-2021 | 31-03-2022 |
| ശ്രീ. രാജേന്ദ്രൻ എസ്. | അസി.എഞ്ചിനീയർ | 01-04-2021 | 19-07-2021 |
| ശ്രീമതി അജിത എൽ. | അസി.എഞ്ചിനീയർ | 02-08-2021 | 31-03-2022 |
| ശ്രീമതി തസ്ലിമ ബീഗം | ഫിഷറീസ് സബ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ശ്രീ. രാധാകൃഷ്ണപിള്ള ജെ. | അസി.സെക്രട്ടറി | 01-04-2021 | 30-11-2021 |
| ശ്രീമതി ബിജി പി. | അസി സെക്രട്ടറി<br>അഡീഷണൽ ചാർജ്ജ് | 01-12-2021 | 31-12-2021 |
| ശ്രീമതി ബിജി പി. | അസി.സെക്രട്ടറി | 01-01-2022 | 31-03-2022 |
| ശ്രീമതി ബിനി എം. | എം.ജി.എൽ.ആർ.ഇ.ജി.എസ്.<br>അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലേല നടപടികൾ പൂർത്തിയാക്കാത്തതിനാൽ സ്കൂൾ പുനരുദ്ധാരണ പ്രോജക്ട് നടപ്പിലാകുന്നില്ല | 1-11 |
| 13 | കറണ്ട് ചാർജ്ജ് - ഫൈൻ ഇനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കിയ 2,246/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-12 |
| 14 | ഫിഷറീസ് - ബയോഫ്ലോക്ക് മത്സ്യകൃഷി, വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി എന്നീ പദ്ധതിരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-14 |
| 16 | തെരുവ് വിളക്ക് മെയിന്റനൻസ് - അധികം നൽകിയ തുക നിരാകരിക്കുന്നു. | 1-15 |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരം-കേരള വാട്ടർഅതോറിറ്റിക്ക് വൻതുക കുടിശ്ശികയിനത്തിൽ ഒടുക്കാൻ അവശേഷിക്കുന്നു. | 1-16 |
| 18 | കൃത്യമായും കറണ്ട് ചാർജ്ജ് ഒടുക്കിയിട്ടും കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുള്ളത് വിശദീകരിക്കേണ്ടതാണ്. | 1-17 |
| 19 | വിട്ടുകിട്ടിയസ്ഥാപനങ്ങളിലെ വാട്ടർ ചാർജ്ജ് - അഡിഷിണൽ ചാർജ്ജിനത്തിൽ ഒടുക്കിയ തുക തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | ഭവനപുനരുദ്ധാരണം - ആദ്യഗഡു കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല | 1-19 |
| 21 | തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-20 |
| 22 | കരാർ വച്ച പ്രവൃത്തികൾ -സമയബന്ധിതമായി | 1-21 |

| | | |
|---|---|---|
| | നടപ്പിലാക്കപ്പെടാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു | |
| 23 | കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ പൂർണ്ണമായ നിർമ്മാണം, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നില്ല. | 1-22 |
| 24 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി. | 1-23 |
| 25 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലിബാരൽ തുക ഈടാക്കി. | 1-24 |
| 26 | പെരുമ്പുഴ കുളം വൃത്തിയാക്കൽ - കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം - രേഖപ്പെടുത്തൽ ഇല്ല | 1-25 |
| 27 | ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ വ്യക്തികൾ നാളിതു വരെയും പണി പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 28 | പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം | 1-27 |
| 29 | പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പരുകൾ നല്കുന്നില്ല | 1-28 |
| 30 | വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 31 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.2.21 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബജറ്റ് 15.2.21 തീയതിയിലെ 7(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 23.5.21 | - | - |

### 1-2.1 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാലും മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാലും പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ, ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല. ക്ലോസിങ്ങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തു നികുതി വരവിന്റെ സഞ്ചയ പ്രകാരമുള്ള തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അരിയർ ഡിമാന്റ്, അഡ്വാൻസ് കളക്ഷൻ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയയിൽ നടത്തിയിട്ടുള്ള ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. വാർഷികകണക്കുകളും സുലേഖ സ്റ്റേറ്റുമെന്റ്, എ സി ആർ എന്നിവയിലെ കണക്കുകളുമായുള്ള വ്യതിയാനത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

(I) വെറ്ററിനറി സർജൻ നടപ്പിലാക്കിയ 'വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ (നം. 57/22) എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹1,83,000/-ടെ പേയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റുമെന്റിൽ പ്രസ്തുത ഹെഡിൽ ₹1,23,000/-ടെ ചെലവ് മാത്രമാണ് കാണിച്ചിട്ടുള്ളത്.

(Ii) വി ഇ ഒ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ, എസ് സി പി) പ്രോജക്ടുകൾക്കായി വാർഷികകണക്കുകൾ പ്രകാരം ലൈഫ് സ്റ്റേറ്റ് ഷെയറിൽ നിന്നും ₹1,30,30,000/- ചെലവ് ചെയ്തിട്ടുണ്ട്. സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹1,29,50,000/- മാത്രമാണ്.

5. താഴെ പറയുന്ന ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി തുകകൾ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-18, RP-47 ഷെഡ്യൂളുകളിലും ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | തനത് ഫണ്ട് തുക ₹ | ചെക്ക് നം., തീയതി | ആകെ തുക ₹ |
|---|---|---|---|---|
| 1 | 95/22 ഇലക്ട്രിക് ലൈൻ വലിക്കൽ | 62,512/- | 300482/28.03.22 | 7,84,036/- |
| 2 | 187/22 ഇലക്ട്രിക് ലൈൻ വലിക്കൽ | 7,102/- | 300489/30.03.22 | 97,822/- |

6. അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള അഡ്വാൻസുകൾ യഥാവിധി അഡ്ജസ്റ്റ് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്താതെ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ എന്നിവയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നം | വൗച്ചർ നം., തീയതി | പ്രോജക്ട് നം., പേര് | തുക ₹ | നിക്ഷേപിച്ചത് |
|---|---|---|---|---|
| 1 | 21900900 /28.09.19<br>21900909 /28.10.19 | 56/20 ആറാട്ട് കടവ് ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 1,81,373/-<br>32,827/- | KSEB L |
| 2 | 251202601 / 03.03.21 | 109/21 എം സി എഫ് വാങ്ങൽ | 10,00,000/- | IRTC |
| 3 | 22001180 / 04.11.20<br>22001532 / 04.02.21 | 81/21 കുഴൽ കിണർ നിർമ്മാണം | 6,07,208/-<br>1,16,872/- | Ground Water Department |

7. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. വാർഷിക ധനകാര്യ പത്രികയിലെ RP-7 പത്രിക പ്രകാരം സി.എഫ്.സി. ടൈഡ് ഗ്രാന്റ് ട്രഷറി ചെലവ് ₹21,11,258/-ഉം അൺടൈഡ് ഗ്രാന്റ് ട്രഷറി ചെലവ് ₹9,28,928/-ഉം ആണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പ്രസ്തുത ട്രഷറി ചെലവുകൾ യഥാക്രമം ₹20,81,258/-ഉം ₹ 9,28,780/-ഉം ആണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹4,63,43,894/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹12,09,31,239/- |
| ആകെ | ₹16,72,75,133/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹11,78,75,100/- |
| നീക്കിയിരിപ്പ് | ₹4,94,00,033 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹22,19,878/- |

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,92,45,000/- | 1,92,45,000/- | 1,92,45,000/- | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,17,56,263/- | 1,17,56,263/- | 1,14,54,000/- | 3,02,263/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,69,65,000/- | 1,69,65,000/- | 1,52,34,264/- | 17,30,736/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 86,86,274/- | 86,86,274/- | 61,15,748/- | 25,70,526/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 12,51,789/- | 12,51,789/- | 9,28,780/- | 3,23,009/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ബാങ്ക് | 0 | 35,84,000 +<br>77,384<br>(Interest)<br>36,61,384/- | 36,61,384/- | 35,46,891/- | 1,14,493/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 30,72,274/- | 30,72,274/- | 20,81,258/- | 9,91,016/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 0 | 53,75,000/- | 53,75,000/- | 26,44,898/- | 27,30,102/- |

ജിഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ്, ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 51,00,000/- | 87,00,000/- | 1,38,00,000/- | 1,30,30,000/- | 7,70,000/- |
| കാവ് സംരക്ഷണം | 9,83,233/- | 0 | 9,83,233/- | 8,78,363/- | 1,04,870/- |
| മികച്ച പഞ്ചായത്ത് കേന്ദ്ര അവാർഡ് | 0 | 30,33,986/- | 30,33,986/- | 0 | 30,33,986/- |
| | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 4,313/- | 5,22,33,681/- | 5,22,37,994/- | 5,22,33,626/- | 4,368/- |
| ഐ.സി.ഡി.എസ്. | 8,34,514/- | 12,08,893/- | 20,43,407/- | 15,94,098/- | 4,49,309/- |
| ടി.എസ്.സി. | 57,53,183/- | 9,10,405/- | 66,63,588/- | 27,09,007/- | 39,54,581/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 25,87,55,861/- | 155 | 9,46,66,558/- | 47 | - | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,313/- | 9,03,294/- | 9,07,607/- | 9,03,239/- | 4,368/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,13,30,387/- | 5,13,30,387/- | 5,13,30,387/- | 0 |
| ആകെ | 4,313/- | 5,22,33,681/- | 5,22,37,994/- | 5,22,33,626/- | 4,368/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | ₹ | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി പെൻഷൻ | 7,62,000/- | 46 |
| വിധവാപെൻഷൻ | 2,26,72,900/- | 1586 |
| വാർദ്ധക്യകാലപെൻഷൻ | 3,28,32,000/- | 2362 |
| വികലാംഗപെൻഷൻ | 72,51,700/- | 461 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,75,600/- | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000/- | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,111/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നുണ്ട്.

കണക്കുകളുടെ റീക്കൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പർ നല്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. വിവിധ ലേലങ്ങൾ നടത്തുമ്പോൾ ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും നിരതദ്രവ്യം യഥാസമയം ഈടാക്കുന്നതായും നിബന്ധനകൾ പാലിച്ച് ലേല നടപടികൾ പൂർത്തിയാക്കുന്നതായും കാണുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വർഷം തിരിച്ച് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

ഡേറ്റ ബാങ്ക് സൂക്ഷിക്കുന്നതിനാൽ ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിൽക്കുന്നു. വി. ഇ. ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഗുണഭോക്താവിന് അർഹമായതിലും അധികം തുക അനുവദിച്ചതായും വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെയും അനർഹരായ ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചതായും കാണുന്നു. വാർഷിക ധനകാര്യ പത്രികയിൽ സെക്രട്ടറിയുടെ ഡിപ്പോസ്റ്റ് പ്രവൃത്തികളുടെ തനത്ഫണ്ട് തുകകൾ ഉൾപ്പെട്ടില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതായും കാണുന്നു.

മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുളം നവീകരണ പ്രവൃത്തിയിലെ ഒരു ഇനം തൊട്ടടുത്ത മാസത്തിൽ എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്തിരിക്കുന്നുവെന്നത് മോണിറ്ററിംഗ് സംവിധാനത്തിന്റെ പോരായ്മയായി ചൂണ്ടികാണിക്കുന്നു. (പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്). കൂടാതെ പഞ്ചായത്ത് വളപ്പിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് കമ്പോസ്റ്റ് പിറ്റിൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നുവെന്നത് നാളിതുവരെ അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലയെന്നതും ഗുരുതരമായി കാണുന്നു. പദ്ധതി നിർവ്വഹണം അതിന്റെ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോയെന്നതും അതിന്റെ തുടർ നിരീക്ഷണവും അടിയന്തിര ശ്രദ്ധ കൊടുത്ത് ചെയ്യേണ്ട വിഷയമാണ്. മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെയും ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.4.2016 | 2011-12 To 2015-16 | 15.4.2016 |
| പെർഫോർമൻസ് ഓഡിറ്റ് | 6.8.22 | 4/22 To 6/22 | 4.8.2022 |

## 1-11 ലേല നടപടികൾ പൂർത്തിയാക്കാത്തതിനാൽ സ്കൂൾ പുനരുദ്ധാരണ പ്രോജക്ട് നടപ്പിലാകുന്നില്ല

മുതുപിലക്കാട് കിഴക്ക് വാർഡിലെ ഇടിഞ്ഞകുഴി ഗവ. എൽ.പി. സ്കൂളിലെ പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെട്ടിടത്തിന്റെ ഓടും തടികളും ലേലം നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ₹1,00,129/- ടെ വാല്യുവേഷൻ നല്കിയിരുന്നതു പ്രകാരം 07.02.22, 14.02.22 തീയതികളിൽ ലേല നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ലേലത്തെ തുടർന്നുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21-22 തീയതി 31.10.22) രണ്ടു പ്രാവശ്യം ലേലം നടത്തിയിട്ടും ആരും പങ്കെടുത്തിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി നല്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലേല നടപടികൾ, തുടർ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വില നിർണ്ണയം നടത്തിയ തുകയ്ക്ക് ഓടും തടികളും രണ്ടു ലേലത്തിലും വിറ്റുപോകാത്തതിനാൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-12 കറണ്ട് ചാർജ്ജ് - ഫൈൻ ഇനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കിയ 2,246/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ്, ഹൈമാസ്റ്റ് ലൈറ്റ് എന്നിവയുടെ കറണ്ട് ചാർജ്ജ് ഫൈൻ ഉൾപ്പടെയാണ് കെ.എസ്.ഇ.ബിയിൽ ഒടുക്കുന്നത്. കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റിന്റെ ഫൈൻ തുക തൻമാസം ഒടുക്കുവരുത്താതെ തൊട്ടുത്ത മാസങ്ങളിൽ കുടിശ്ശിക തുകയായിട്ടാണ് ഒടുക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ട്രീറ്റ് ലൈറ്റ്

| കാലയളവ് | കൺസ്യൂമർ | ഡിമാന്റ് | കുടിശ്ശിക (₹) | ഫൈൻ (₹) | ഒടുക്കിയ | ചെക്ക് നം |
|---|---|---|---|---|---|---|

| | നം. | തുക (₹) | | | തുക (₹) | |
|---|---|---|---|---|---|---|
| 3/21 | 1145732014001 | 1,63,298/- | 755/- (ഒടുക്കിയിട്ടില്ല) | 214/- (ഒടുക്കിയിട്ടില്ല) | 1,63,298/- | 2916122/15.4.21 |
| 4/21 | 1145732014001 | 1,63,298/- | 968/- | 13/- | 1,64,266/- | 2916127/12.5.21 |
| 5/21 | 1145732014001 | 1,63,298/- | 13/- | 8/- | 1,63,311/- | 2916134/16.6.21 |
| 6/21 | 1145732014001 | 1,63,298/- | 9/- | 269/- | 1,63,307/- | 2916143/13.7.21 |
| 7/21 | 1145732014001 | 1,63,298/- | 269/- | 54/- | 1,63,567/- | 2916148/11.8.21 |
| 8/21 | 1145732014001 | 1,63,298/- | 54/- | 4/- | 1,63,352/- | 2916156/8.9.21 |
| 9/21 | 1145732014001 | 1,63,298/- | 4/- | 1/- | 1,63,302/- | 2916164/12.10.21 |
| 10/21 | 1145732014001 | 1,63,298/- | 5/- | 108/- | 1,63,303/- | 2916170/15.11.21 |
| 11/21 | 1145732014001 | 1,63,298/- | 108/- | 215/- | 1,63,406/- | 2916177/15.12.21 |
| 12/21 | 1145732014001 | 1,63,298/- | 215/- | 217/- | 1,63,515/- | 2916183/17.1.22 |
| 1/22 | 1145732014001 | 1,63,298/- | 219/- | 269/- | 1,63,517/- | 2916188/5.2.22 |
| 2/22 | 1145732014001 | 1,63,298/- | 269/- | 2/- (ഒടുക്കിയിട്ടില്ല) | 1,63,567/- | 2916194/10.3.22 |
| | Total | | 2,133/- | | | |

2) ഹൈമാസ്റ്റ് ലൈറ്റ്

ഹൈമാസ്റ്റ് ലൈറ്റിന്റെ ഫൈൻ ഇനത്തിൽ തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | കൺസ്യൂമർ നം. | ഡിമാന്റ് തുക (₹) | കുടിശ്ശിക (₹) | ഫൈൻ (₹) | ഒടുക്കിയ തുക (₹) | ചെക്ക് നം./ തീയതി |
|---|---|---|---|---|---|---|
| 3/21 | 145732026888 | 1,936/- | 7 | 22 | 1,965/- | 2916122/15.4.21 |
| 4/21 | 1146137022658 | 68 | - | 69 | 137 | 2916127/12.5.21 |
| 5/21 | 145732026888 | 2,276/- | - | 22 | 2,298/- | 2916134/16.6.21 |
| | Total | | | 113/- | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പിഴകൂടാതെ ബില്ല് ഒടുക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ബിൽ ജനറേറ്റ് ചെയ്യുന്നതിന് കെ.എസ്.ഇ.ബിയോട് നിർദ്ദേശിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കൃത്യമായി ബിൽ പ്രകാരമുള്ള തുക ഒടുക്കുന്നതിനാൽ ഫൈൻ ഒഴിവാക്കണമെന്ന് കെ.എസ്.ഇ.ബിയെ രേഖാമൂലം അറിയിച്ചിട്ടില്ല. കൃത്യമായി ബിൽ ഒടുക്കിയശേഷം ഫൈൻ ഇനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കിയ 2,246/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 6/ 26.10.2022.

1-13 ഫിഷറീസ് - ബയോഫ്ലോക്ക് മത്സ്യകൃഷി, വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി എന്നീ പദ്ധതിരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പ്രോജക്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് (₹) | തനത് ഫണ്ട് | ജില്ലാപഞ്ചായത്ത് വിഹിതം (₹) | ഗുണഭോക്തൃ വിഹിതം | ആകെ അടങ്കൽ | ചെലവ് (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | (₹) | | (₹) | (₹) | |
| 152/22-വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷി (SO-243/21) | 82,000/- | 16,400/- | 1,23,000/- | 3,69,000/- | 5,90,400/- | 55,220/- (ജില്ലാപഞ്ചായത്ത് വിഹിതം) |
| 153/22-ബയോഫ്ലോക്ക് മത്സ്യകൃഷി (SO-244/21) | 92,000/- | 0 | 1,38,000/- | 4,14,000/- | 6,44,000/- | 1,29,242/- (ജില്ലാപഞ്ചായത്ത് വിഹിതം) |
| | ആകെ- | | | | | 1,84,462/- |

ഇതു സംബന്ധിച്ച് 29.10.22 തിയതിയിൽ നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം. 2/22-പ്രകാരം ഫയൽ ലഭ്യമാക്കിയെങ്കിലും, നിർവ്വഹണോദ്യോഗസ്ഥക്ക് അപാകതകൾ പരിഹരിക്കാൻ കഴിയാതെ വന്നതിനാൽ തിരികെ കൊണ്ടുപോകുകയും, അപാകതകൾ പരിഹരിച്ച് സമർപ്പിക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ രേഖകളുടെ അഭാവത്തിൽ 1,84,462/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സ്പിൽ ഓവർ പ്രോജക്ടിന്റെ രേഖകൾ ഉൾപ്പടെയുള്ള പദ്ധതിരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ വിനിയോഗ/ പൂർത്തികരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തുക (₹) | ഫണ്ട് ഇനം | ബിൽ നം. / ചെക്ക് നം തീയതി |
|---|---|---|---|
| 9/22-ജീവനം പദ്ധതി | 50,000/- | വികസനഫണ്ട്-ജനറൽ | 6/9.7.21 |
| 104/22-പോസ്റ്റ് ഷിഫ്റ്റിംഗ് | 1,74,989/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/21-22/P/2, 8.9.21<br>XVFC/21-22/P/5 11.11.21<br>XVFC/21-22/P/19,28.12.21<br>XVFC/21-22/P/38, 7.3.22<br>XVFC/21-22/P/67,29.3.22<br>XVFC/21-22/P/68,29.3.22 |
| 95/22-ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 7,84,036/- | ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>തനത് ഫണ്ട് | XVFC/21-22/P/36, 28.2.22,<br>XVFC/21-22/P/51, 24.3.22,<br>ചെക്ക്നം-300482/28.3.22 |
| ആകെ- | 10,09,025/- | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്താൽ 10,09,025/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം – 18/ 28.10.2022.

### 1-15 തെരുവ് വിളക്ക് മെയിന്റനൻസ് - അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ - SO102/22

അടങ്കൽ തുക – ₹5,00,000/- (വികസനഫണ്ട്-ജനറൽ)

ചെലവ് – ₹4,77,450/-

ഇ-ഗ്രാം സ്വരാജ് പെയ്മെന്റ് വൗച്ചർ നം. – XVFC/2021-22/P/11,19.11.21

നിർവ്വഹണം-സെക്രട്ടറി.

തെരുവ് വിളക്ക് മെയിന്റനൻസിന് ടെൻഡർ പ്രകാരം ന്യൂ ഏജ് ഇന്റഗ്രേറ്റ്സ്, തിരുവനന്തപുരം പെൻഡന്റ് ഹോൾഡറിന് 19/-രൂപ നിരക്കിൽ ക്വാട്ട് ചെയ്തുവെങ്കിലും, ടി സ്ഥാപനവുമായി 30.7.21 തിയതിയിൽ നെഗോഷ്യയേറ്റ് ചെയ്തത് അനുസരിച്ച് 18/-രൂപ നിരക്കിൽ നൽകാമെന്ന് കരാർ ചെയ്തു. എന്നാൽ 19/-രൂപ നിരക്കിലാണ് തുക നൽകിയത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| നൽകിയതുക (രൂപ) | നൽകേണ്ടതുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|
| 38,000/-(2000*19) | 36,000/-(2000*18) | 2,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ 2,000/-രൂപ ബന്ധപ്പെട്ട സാഥാപനത്തിൽ നിന്നും തിരികെ ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. അധികമായി നൽകിയ 2,000/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം-22/29.10.2022

### 1-16 പൊതുടാപ്പുകളുടെ വെള്ളക്കരം-കേരള വാട്ടർഅതോറിറ്റിക്ക് വൻതുക കുടിശ്ശികയിനത്തിൽ ഒടുക്കാൻ അവശേഷിക്കുന്നു.

പ്രോജക്റ്റ് നമ്പർ – SO170/22

അടങ്കൽ തുക – ₹27,01,274/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് – ₹20,45,096/-

ബിൽ നം – 14/19.11.21

നിർവ്വഹണം - സെക്രട്ടറി,

ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ 6 ടാപ്പുകൾക്ക് 5,512.5/-രൂപ വർഷിക നിരക്കിൽ ഒരു മാസത്തെ വാട്ടർ ചാർജ്ജ് 2,757/-രൂപ മാത്രമേ ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും, മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിൽ വൻതുക ഒടുക്കാൻ അവശേഷിക്കുന്നു. ടി പ്രോജക്റ്റ് പ്രകാരം 2021-22 വർഷത്തിൽ 20,45,096/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും, കുടിശ്ശികയിനത്തിൽ ശേഷിക്കുന്ന 61,99,427/-രൂപ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിൽക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 30.9.21ലെ ഡിമാന്റ് പ്രകാരം വെള്ളക്കരമിനത്തിൽ ഒടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| KWAബിൽനം തിയതി | കുടിശ്ശിക തുക (₹) (30.9.21) | പിഴപ്പലിശ (₹) | തൻമാസ ഡിമാന്റ് തുക(₹) | ആകെ തുക (₹) |
|---|---|---|---|---|
| 56692/11.10.21 | 80,83,211/- | 1,58,555/- | 2,757/- | 82,44,523/- |

മേൽ കുടിശ്ശിക തുക 82,44,523/-രൂപയിൽ 20,45,096/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും, ശേഷിക്കുന്ന ബാദ്ധ്യത 61,99,427/- രൂപ ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വെള്ളക്കരമിനത്തിൽ നിയമപ്രകാരം

ഒടുക്കവരുത്തേണ്ട തുക മുഴുവനും ഒടുക്ക വരുത്തിയിട്ടുള്ളതാണെന്നും, ഇനി യാതോരുവിധ തുകയും ഒടുക്കാൻ കഴിയില്ലെന്ന വിവരം കാണിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരവും, അതോടൊപ്പം ടി വിഷയത്തിൽ കൊല്ലം വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നും നടപടി ഉണ്ടാകുന്നില്ലെങ്കിൽ ബഹു. വകുപ്പ് മന്ത്രിയ്ക്കും, ഡിപ്പാർട്ട്മെന്റിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിവേദനം നൽകുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വെള്ളക്കരമിനത്തിൽ വൻ തുകയാണ് ഒരോ വർഷവും ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത്. മുൻ വർഷങ്ങളിൽ ടി വിഷയത്തിന്മേൽ യാതോരു നടപടിയും ഉണ്ടാകാതിരുന്നത് ഗ്രാമപഞ്ചായത്ത് അധികാരികളുടെ വീഴ്ചയായി വിലയിരുത്തുന്നു. ആയതിനാൽ വെള്ളക്കരമിനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ബാദ്ധ്യത 61,99,427/- രൂപ ഒഴിവാക്കിയ കേരള വാട്ടർ അതോറിറ്റിയുടെ സാക്ഷ്യപത്രവും, വിച്ഛേദിക്കാൻ കത്ത് നൽകിയ 6 പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ച വിവരവും ഉൾപ്പെട്ട വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം-21 / 28.10.22

## 1-17 കൃത്യമായും കറണ്ട് ചാർജ്ജ് ഒടുക്കിയിട്ടും കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുള്ളത് വിശദീകരിക്കേണ്ടതാണ്.

ചില മാസങ്ങളിലെ കറണ്ട് ചാർജ്ജ് കുടിശ്ശിക ഉൾപ്പടെയാണ് കെ.എസ്.ഇ.ബിയിൽ ഒടുക്കുന്നത്. കുടിശ്ശികയുണ്ടായതിന്റെ കാരണം വ്യക്തമല്ല. കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരമുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | കൺസ്യൂമർ നം | ഡിമാന്റ് തുക (₹) | കുടിശ്ശിക (₹) | ഒടുക്കിയ തുക (₹) | ചെക്ക് നം. |
|---|---|---|---|---|---|
| 4,6, 8/21 | 1145733028440 | 342/- (114*3) | 9,587/- | 9,701/- | 2916176/ 4.12.21 |
| 8/21 | 1145734026342 | 1,735/- | 1,661/- | 3,396/- | 2916176/4.12.21 |
| 12/21 | 1145732000852 | 7,642/- | 17,091/- | 24,733/- | 2916183/17.1.22 |
| | | ആകെ | 28,339/- | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബില്ലുകൾ പിഴ കൂടാതെ ഒടുക്കുന്നതിനുള്ള ദിവസത്തിന് ശേഷമാണ് കെ.എസ്.ഇ.ബി. ബില്ലുകൾ ജനറേറ്റ് ചെയ്യുന്നത്. യഥാസമയം ബില്ലുകൾ ജനറേറ്റ് ചെയ്യാതെ കുടിശ്ശികയെന്ന് രേഖപ്പെടുത്തി ബില്ലുകൾ ലഭിക്കുകയും, ബില്ല് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് ഒടുക്കുകയും ചെയ്യുന്നു. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള ബില്ലുകളിൽ പിഴ കൂടാതെ ബിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വൈദ്യുതി ബില്ലുകൾ ബില്ല് കിട്ടിയാലുടൻ ഒടുക്ക വരുത്തിയിട്ടും കുടിശ്ശിക രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം കെ.എസ്.ഇ.ബി.യ്ക്ക് വിശദീകരണം ആവശ്യപ്പെടുകയും, ഏത് കാലഘട്ടത്തിലെ കുടിശ്ശികയാണെന്ന് വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. വ്യക്തതയില്ലാതെ കുടിശ്ശിക സംബന്ധിച്ച് നൽകിയ 28,339/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം – 8/ 26.10.2022.

## 1-18 വിട്ടുകിട്ടിയസ്ഥാപനങ്ങളിലെ വാട്ടർ ചാർജ്ജ് - അഡിഷിണൽ ചാർജ്ജിനത്തിൽ ഒടുക്കിയ തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – SO 112/22

അടങ്കൽ തുക - ₹6,89,500/- (വികസനഫണ്ട്-ജനറൽ)

ചെലവ് – ₹2,82,440/-

ഇ-ഗ്രാം സ്വരാജ് പെയ്മെന്റ് വൗച്ചർനം-XVFC/21-22/P/45,18.3.22

നിർവ്വഹണം – സെക്രട്ടറി.

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലെ വാട്ടർ ചാർജ്ജ് അഡിഷിണൽ ചാർജ്ജ് ഉൾപ്പടെയാണ് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. 2021-22 വർഷത്തിൽ ഒരു തവണ മാത്രമാണ് വാട്ടർ ചാർജ്ജ് ഒടുക്കുവരുത്തിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ ഇൻവോയ്സ് പ്രകാരം വാട്ടർ ചാർജ്ജ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) അംഗൻവാടികൾ

| ക്രമ നം | കൺസ്യൂമർ നം | ഡിമാന്റ് തുക (₹) | അഡിഷിണൽ ചാർജ്ജ് (₹) | ആകെ തുക (₹) |
|---|---|---|---|---|
| 1. | 22131463030 | 420/- | 29,152/- | 29,572/- |
| 2. | 22131463031 | 830/- | 28,995/- | 29,825/- |
| 3. | 22131463027 | 830/- | 29,080/- | 29,910/- |
| 4. | ൻ്റർ2213125935 | 420/- | 11,371/- | 11,791/- |
| 5. | 2213127050 | 420/- | 4,814/- | 5,234/- |
| 6. | 223114624 | 830/- | 29,184/- | 30,014/- |
| 7. | 2213114633 | 420/- | 27,318/- | 27,738/- |
| 8. | 2213114617 | 420/- | 33,416/- | 33,836/- |
| 9. | 2213123905 | 420/- | 9,116/- | 9,536/- |
| 10. | 2213127051 | 420/- | 3,885/- | 4,305/- |
| 11. | 2213124052 | 420/- | 31,400/- | 31,820/- |
| 12 | 2213125940 | 420/- | 10,950/- | 11,370/- |
| | | | 2,48,681/- | 2,54,951/- |

2) ഹോമിയോ ആശുപത്രി

| ക്രമ നം | കൺസ്യൂമർ നം | ഡിമാന്റ് തുക (₹) | അഡിഷിണൽ ചാർജ്ജ് (₹) | ആകെ തുക (₹) |
|---|---|---|---|---|
| 1. | 2213114815 | 420/- | 27,270/- | 27,690/- |

വാട്ടർ ചാർജ്ജിനോടോപ്പം അഡിഷിണൽ ചാർജ്ജിനത്തിൽ വൻതുക ഒടുക്കുവരുത്തുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അംഗൻവാടികൾക്കും ഹോമിയോ ആശുപത്രിക്കും വർഷങ്ങൾക്ക് മുൻപ് തന്നെ വാട്ടർ കണക്ഷൻ ലഭിച്ചിരുന്നുവെങ്കിലും 2021-22 വർഷം വരെയും തുകയൊന്നും ഒടുക്കുവരുത്തിയിട്ടില്ലെന്നും, ആയതിനത്തിലുള്ള തുകയാണ് അധീഷണൽ ചാർജ്ജിനത്തിൽ ഒടുക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കുടിശ്ശിക തുകയാണെങ്കിൽ ഫൈൻ ഉൾപ്പെടെയുള്ള തുകയാണ് ഒടുക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ ഇൻവോയ്സിൽ ഫൈൻ ഉൾപ്പെട്ടതായി കണ്ടുന്നില്ല. കുടിശ്ശിക വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല. വാട്ടർ ചാർജ്ജിന്റെ ഒടുക്ക് സംബന്ധിച്ച കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർ ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിയാത്തതിനാൽ അധീഷണൽ ചാർജ്ജിനത്തിൽ ഒടുക്കിയ 2,75,951/-(248681+27270) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അംഗൻവാടികൾ, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ വാട്ടർ കണക്ഷൻ നൽകിയതു മുതൽ തുക ഒടുക്കിയ കാലയളവ് വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും രേഖാമൂലം ലഭ്യമാക്കി, ആയത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-19/28.10.2022.
തടസ്സപ്പെടുത്തിയ തുക – ₹2,82,641/-

1-19 ഭവനപുനരുദ്ധാരണം - ആദ്യഗഡു കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം - ജനറൽ, പട്ടികജാതി എന്നീ പ്രോജക്ടുകൾക്കായി ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നം | അടങ്കൽ | ചെലവ് (₹) | ഗുണഭോക്താക്കളുടെ പേര് | തുക കൈപ്പറ്റിയ ബിൽ നമ്പർ | കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|---|
| ഭവന പുനരുദ്ധാരണം ജനറൽ – 24/22 | ₹21,75,000/- വികസനഫണ്ട് ജനറൽ ₹28,00,000/- തനതു ഫണ്ട് | 49,75,000/- | സുകുമാരൻ | 300477/25.03.22 | 25,000/- |
| | | | പ്രസന്ന | 42064/29.01.22 | 25,000/- |
| | | | ശോഭിത ഷംസുദ്ദീൻ | 42064/29.01.22 | 25,000/- |
| | | | കമലാക്ഷിയമ്മ | 300428/26.02.22 | 25,000/- |
| | | | ശാരദാമ്മ | 6/10.01.22 | 25,000/- |
| | | | ജമീല ഖലീൽ | 300453/18.03.22 | 25,000/- |
| ഭവന പുനരുദ്ധാരണം പട്ടികജാതി - 25/22 | 18,00,000/- വികസനഫണ്ട് എസ്.സി.പി. | 14,85,527/- | രംഗരാജൻ | 8/10.01.22 | 50,000/- |
| | | | കൃഷ്ണൻ | 18/10.03.22 | 50,000/- |

ടിയാളുകളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പണി പൂർത്തീകരിച്ചോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 17/28.10.2022 .

1-20 തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | S0026/22, അംബേദ്കർ കോളനി ഹോമിയോപ്പതി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ | വികസനഫണ്ട് (എസ്.സി.പി.) 2,00,000/- | വികസനഫണ്ട് (എസ്.സി.പി.) 2,00,000/-, ബിൽ നം. 11, തീ. 08.12.2021 |
| | S0023/22, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | ബ്ലോക്ക് പഞ്ചായത്ത് 2,00,000/- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 3,00,000/- | മെയിന്റനൻസ് ഫണ്ട്, (നോൺ റോഡ്) 3,00,000/- (60,000/- ബിൽ നം. 3, തീ. 08.06.21, 2,40,000/- ബിൽ നം. 13, തീ. 24.01.22) |
| | S0027/22, ആയുഷ് ഹോളിസ്റ്റിക് സെന്റർ | മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് 10,00,000/- | മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് 10,00,000/- ബിൽ നം. 11, തീ. 08.12.21 |
| | S0028/22, വൃദ്ധജനങ്ങൾക്കുള്ള | മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് 10,00,000/- | മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് 10,00,000/- |

| | | | |
|---|---|---|---|
| | പ്രത്യേക ഒ.പി. | | ബിൽ നം. 10, തീ. 08.12.21 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി ഹോംകോ, ഭേഷജം, ഐ.എം.പി.കോ-ഓപറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ഹോംകോയിൽ നിന്നും മരുന്നകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | പ്രോഫോർമ ഇൻവോയിസ് നം., തീയതി | മുൻകൂർ നൽകിയ തുക (₹) | ലഭ്യമായ മരുന്നിന്റെ വിവരം (₹) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നകളുടെ വിവരം (₹) |
|---|---|---|---|---|
| S0026/22, അംബേദ്കർ കോളനി ഹോമിയോപ്പതി ഹെൽത്ത് സെന്റർ മരുന്ന് വാങ്ങൽ | PF 1094/31.12.21 | 2,00,000/- | 46,809/- | 1,53,191/- |
| S0023/22, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | PF 5/26.04.21<br>PF 1333/10.01.22 | 60,000/-<br>2,40,000/- | 60,000/- | 2,40,000/- |
| S0027/22, ആയുഷ് ഹോളിസ്റ്റിക് സെന്റർ | PF 1024/ 23.11.21 | 1,00,000/- | 59,530/- | 40,470/- |
| S0028/22, വൃദ്ധജനങ്ങൾക്കുള്ള പ്രത്യേക ഒ.പി. | PF 1023/ 23.11.21 | 1,00,000/- | 62,000/- | 38,000/- |
| ആകെ | | | | 4,71,661/- |

4,71,661/- രൂപയുടെ മരുന്നകൾ ലഭ്യമാകാൻ അവശേഷിക്കുന്നതിനാൽ 4,71,661/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.16/28.10.2022

തടസ്സപ്പെടുത്തിയ തുക- 4,71,661/- രൂപ

1-21 കരാർ വച്ച പ്രവൃത്തികൾ -സമയബന്ധിതമായി നടപ്പിലാക്കപ്പെടാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവർത്തി കരാർ വച്ച ശേഷം നടപ്പിലാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പദ്ധതി – ലക്ഷം വീട് ആർ.എച്ച്.എസ്. റോഡ് മെയിന്റനൻസ് സൈഡ് വാൾ നിർമ്മാണം.

അടങ്കൽ - 3,30,750/-രൂപ (വികസനഫണ്ട് എസ്.സി.പി).

സാങ്കേതികാനുമതി 32304/2019-20 തീയതി. 04.08.2019.

കരാറുകാരൻ - താസിം ടി യൂനസ്

കരാർ തീയതി 44/എ.ഇ / എൽ.എസ്.ജി.ഡി. /എസ്.കെ. ടി.എ /2019-20 തീയതി. 10.12.2019

നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച നല്കിയ അന്വേഷണകുറിപ്പിന് 13.12.2021 ൽ കരാറുകാരന് എ.ഇ കത്ത് നൽകിയതായും 2021-22 ലും സ്പിൽ ഓവർ ആയി തുടരുന്ന ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് കമ്മിറ്റിക്ക് പല പ്രാവശ്യം കത്ത് നൽകിയെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ലയെന്ന് മറുപടി ഹാജരാക്കി. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നം. ഇ4/104212020/സി.ഇ/ത.സ്വ.ഭ.വ. തീയതി.

20.10.2020 നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണകാലാവധി കരാറിൽ രേഖപ്പെടുത്തേണ്ടതും അതത് വർഷം പൂർത്തീകരിക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(2) പദ്ധതി - മുതുപിലാക്കാട് ഗവ. എൽ.പി.എസ്. മെയിന്റനൻസ് (എസ്.ഒ. ഒ. 96/2022).

അടങ്കൽ 6,43,331/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

സാങ്കേതികാനുമതി. 30964/2021-22 തീയതി. 20.09.2021

കരാർ തീയതി. 13/എ.ഇ / എൽ.എസ്.ജി.ഡി. /എസ്.കെ. ടി.എ /2021-22 തീയതി. 02.11.2021

കരാറുകാരൻ – സുനു കെ

നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് നല്കിയ അന്വേഷണകുറിപ്പിന് സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചുമാറ്റുന്നതിനായി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർ വാല്യൂഷൻ നൽകിയെങ്കിലും (അസി. എഞ്ചിനീയറുടെ 04/AEE/LSGD/SKTA/2018-19 Dt.12.05.2021) പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലയെന്നാണ്. കേരള പി.ഡബ്ള്യൂ.ഡി മാന്വൽ 2102.1 പ്രകാരം കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരൻ അല്ലെങ്കിൽ അയാളുടെ അംഗീകൃത പ്രതിനിധി പ്രവൃത്തി സ്ഥലം അസി. എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് നാളിതുവരെ തുടർ നടപടി സ്വീകരിച്ചില്ലയെന്നത് നടപടിക്രമങ്ങളിലെ പാളിച്ചയാണ്.

ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 08.02.2021 ലെ ഇ 15/16703/2019/ സി.ഇ. ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം കാലപ്പഴക്കം ചെന്ന കെട്ടിടത്തിൽ മേജർ സ്ട്രക്ചറൽ ചെയ്ഞ്ച് ഉൾപ്പെടുത്തി (മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള അറ്റകുറ്റപണി/ പുനർ നിർമ്മാണം/ പുതുക്കിപ്പണി/ കൂട്ടിചേർക്കൽ നടത്തുന്നതിന് മുമ്പ് ഇത്തരം കെട്ടിടങ്ങൾക്ക് വേണ്ടത്ര ഉറപ്പുണ്ടോ എന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന, സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(3) കീർത്തിനല്ലൂർ പള്ളത്തേക്ക് റോഡ് – ഇന്റർലോക്ക് (45/22)

അടങ്കൽ 6,20,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

കരാർ 34/ എ.ഇ. /എൽ.എസ്.ജി.ഡി. /എസ്.കെ. ടി.എ /2021-22 തീയതി. 22.12.2021

കരാറുകാരൻ – അൽഫിൻ എസ്.

സൈറ്റ് ഇഷ്യൂ കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൈറ്റ് ഇഷ്യൂ പരിഹരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള പി.ഡബ്ള്യൂ.ഡി മാന്വൽ 2102.1 പ്രകാരം കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരൻ അല്ലെങ്കിൽ അയാളുടെ അംഗീകൃത പ്രതിനിധി പ്രവൃത്തി സ്ഥലം അസി. എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് നാളിതുവരെ തുടർനടപടി സ്വീകരിച്ചില്ലയെന്നത് നടപടിക്രമങ്ങളിലെ പാളിച്ചയാണ്.

(4) മുതുപിലാക്കാട് ഉപക്ഷേമ കേന്ദ്രത്തിന് ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് (143/2022)

അടങ്കൽ 35,000/-രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

2021-22 ലെ സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കാതിരുന്നതിന് നല്കിയ അന്വേഷണത്തിന് ഹാജരാക്കിയ മറുപടി ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ പ്രസ്തുത കെട്ടിടത്തിൽ നിലവില്ലുണ്ട് എന്നാണ്. സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. സർക്കുലർ നമ്പർ ഇ. 20/6699/2018/ സി.ഇ. /ത.സ്വ.ഭ.വ. /21.06.2018 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/2022 തീയതി. 25.10.2022.

1-22 കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ പൂർണ്ണമായ നിർമ്മാണം, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നില്ല.

കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ, കെട്ടിടത്തിൽ അനുബന്ധസൗകര്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തിയല്ല എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. സ്പിൽ ഓവർ പ്രോജക്ടുകളായി ഫണ്ട് വകയിരുത്തി തുടർ പ്രവർത്തനങ്ങൾ നടത്തുന്ന സമീപനമാണ് നിലനിൽക്കുന്നത്. സ.ഉ.(കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ തിരു. തീയതി. 29.01.2018 ഖണ്ഡിക 3.5.1 (9) പ്രകാരം കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത്. 3.5.1 (12) പ്രകാരം പ്രോജക്ടുകളുടെ യുക്തിക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം. 3.5.1 (7) പ്രകാരം പുതിയ കെട്ടിടനിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ നിർജ്ജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നും പരിശോധിക്കണം. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ചർച്ചാ വിഷയത്തിൽ ഉയർന്നു വന്നിട്ടില്ല. കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ അംഗീകാരം വാങ്ങുന്നുവെങ്കിലും അതേ വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. നിർവ്വഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്ന കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പ്രോജക്ടുകളെ ബഹുവർഷ പ്രോജക്ടുകളായി നടപ്പിലാക്കേണ്ടതാണ്. ഓരോ വർഷവും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന് വേണ്ടി വരുന്ന അടങ്കൽ തുകയും കൃത്യമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കണം. ഇവയെ ഓരോ സാമ്പത്തിക വർഷത്തിലേയും പുതിയ പ്രോജക്ടുകളായി പരിഗണിക്കാം. തൻവർഷത്തിൽ ആവശ്യമായ തുക വകയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായി നടപ്പിലാക്കിയ കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) കാർഷിക വിപണനകേന്ദ്രം.

(2) ആയുർവേദ ഡിസ്പെൻസറി കെട്ടിടനിർമ്മാണം.

(3) ടേക്ക് എ ബ്രേക്ക് നിർമ്മാണം.

(4) കൃഷിഓഫീസിന് മതിലും ഹരിതഗൃഹ നിർമ്മാണം.

(5) ഹോളിസ്റ്റിക് സെന്റർ മെയിന്റനൻസ്.

(6) കോയിക്കൽ എൽ.പി.എസ്. പ്രീപ്രൈമറി ക്ലാസ് മുറി നിർമ്മാണം.

(7) എ.ബി.സി. സെന്റർ നിർമ്മാണം.

കാർഷിക വിപണനകേന്ദ്രം 2022-23 ൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും തൻവർഷം നാളിതുവരെ തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലയെന്ന് സ്ഥലപരിശോധനയിൽ കണ്ടെത്തി. ഇപ്രകാരം പ്രോജക്ടുകൾക്ക് ഭാഗികമായി എസ്റ്റിമേറ്റ് വയ്ക്കുന്നതുമൂലം പദ്ധതി ലക്ഷ്യം വൈകുന്നതിന് കാരണമാകുന്നു. പഞ്ചായത്തുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുവഴി പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിക്കുന്നു. ഉദ്യോഗസ്ഥരുടേയും ഭരണ സമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-23 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി.

കെട്ടിടത്തിൽ മുക്ക് – വഞ്ചിവയൽ മുക്ക് റോഡ് റീകോൺക്രീറ്റിംഗ് (പ്രോജക്ട് നമ്പർ 75/2021-22, ),

വാഴപ്പള്ളി മുക്ക് പള്ളിയാടി ജംഗ്ഷൻ സൈഡ് കോൺക്രീറ്റ് (പ്രോജക്ട് നമ്പർ 70/2021-22) എന്നീ പ്രവൃത്തികളുടെ ലോവസ്റ്റ് ബിഡർ ആയ ശ്രീ. മുഹമ്മദ് അസ്ഹറുദ്ദീൻ സമയബന്ധിതമായി കരാർ ചമയ്ക്കാതിരുന്നതിനാൽ ടിയാളുടെ ദർഘാസ് റദ്ദ് ചെയ്ത് നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് തീരുമാനമെടുത്തിരുന്നെങ്കിലും നിരതദ്രവ്യം കണ്ടുകെട്ടിയിരുന്നില്ല. ആഡിറ്റ്

അന്വേഷണത്തെതുടർന്ന് 21,600/- രൂപ (10800 + 10800) രസീത് നമ്പർ 1220103657/ജി. 020201 തീയതി. 28.10.2022 പ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടി

ഓഡിറ്റ് അന്വേഷണം നമ്പർ 15/2021-22 തീയതി. 27.10.2022

1-24 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കാലിബാരൽ തുക ഈടാക്കി.

പുത്തൻപുര മുക്ക് – കൊല്ലന്റെ മുക്ക് റോഡ്-റീടാറിംഗ്, സൈഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ (എസ്.ഒ.040/22) 7,75,591/-രൂപ അടങ്കൽ വകയിരുത്തി 7,74,648/-രൂപ ചെലവഴിച്ചു. ഫൈനൽ ബിൽ നിന്നും കാലിബാരൽ തുക ഈടാക്കാത്തതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വഷണത്തിന്റെ (3/2021-22 തീയതി 22.10.2022 പ്രകാരം പ്രവൃത്തിക്കായി ഉപയോഗിച്ച 7 ബാരലിന്റെ തുക 18% ജി.എസ്.ടി. ഉൾപ്പെടെ 2,051/- രൂപ കരാറുകാരനായ ശ്രീ. ഗോപാലകൃഷ്ണ പിള്ളയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി. (രസീത് നം. 1220103638/ജി. 020201 തീയതി. 26.10.2022)

1-25 പെരുമ്പുഴ കുളം വൃത്തിയാക്കൽ - കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം - രേഖപ്പെടുത്തൽ ഇല്ല

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി 92,303/-രൂപ വകയിരുത്തി 82,056/-രൂപ ചെലവഴിച്ചിട്ടുണ്ട്. (16.02.2022 മുതൽ 28.02.2022 വരെ നടന്ന പ്രവൃത്തി) എം ബുക്ക് നമ്പർ 169/2021-22. ഒന്നാമത്തെ ഇനമായ Bailing Out Water നായി 5.H.P Pump ഉപയോഗിച്ച് 56 മണിക്കൂറിന് 171.312/hour നിരക്കിൽ 9,593.47/-രൂപ ചെലവ് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ആയത് വൗച്ചർ ഹാജരാക്കിയശേഷം മാത്രം ചെലവ് ചെയ്യേണ്ടതാണ്. ഇനം 2 ആയി 212.32 $M^3$(ordinary&hard Soil) കുഴിച്ചെടുത്തതിന് (പേജ്. 3m.book) 212.32+141.54=353.867$m^3$ ന് 139.68/$m^3$ നിരക്കിൽ 49,428.14/-രൂപ ചെലവഴിച്ചിട്ടുണ്ട്. 353.867$m^3$*35.32 Cubic Feet= 12499cubicfeet (ഏകദേശം 83 Load ) മണ്ണിന്റെ ഉപയോഗം സംബന്ധിച്ച വിശദാംശം എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ടി പ്രവൃത്തിയിൽ നീക്കിയ മണ്ണ് കുളത്തിന്റെ വശങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നും ചെളി മറ്റ് മാലിന്യങ്ങൾ എന്നിവ ഉൾപ്പെട്ട മണ്ണ് ആണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

എം ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പെരുമ്പുഴ കുളം മെയിന്റനൻസ് (പ്രോ. നം. 205/22) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടി കുളം വൃത്തിയാക്കുന്നതിന് 24.03.2022 ൽ 5 തൊഴിലാളികൾക്ക് @895 4475/-രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ ചെലവ് 2022-23 വർഷത്തിലാണ്. (എം.ബുക്ക് നമ്പർ 69/22-23) ഇത് സംബന്ധിച്ച് നല്കിയ അന്വേഷണത്തിന് ടി പ്രവൃത്തി എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണെന്ന് അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി ഹാജരാക്കി. ഒരേ പ്രവൃത്തി രണ്ട് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത് ഗൗരവമായി കാണുന്നു. ആയത് ക്രമീകരിക്കാത്ത പക്ഷം 2022-23 വർഷം എ.ഇ, എൽ.എസ്.ജി.ഡി.യുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

ഓഡിറ്റ് അന്വേഷണം നമ്പർ 25/2021-22 തീയതി 20.10.2022.

1-26 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ വ്യക്തികൾ നാളിതു വരെയും പണി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം. | 1) SO0121/22, ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം)<br>2) SO049/22, ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) |
| അടങ്കൽ തുക | 1) 4,28,40,000/- രൂപ |

| | |
|---|---|
| | സംസ്ഥാനാവിഷ്കൃതം - 1,20,00,000/- രൂപ<br>ബ്ലോക്ക് പഞ്ചായത്ത് - 26,93,200/- രൂപ<br>ജില്ലാ പഞ്ചായത്ത് - 38,90,000/- രൂപ<br>മറ്റുള്ളവ - 2,42,56,800/- രൂപ<br>2) 2,00,00,000/- രൂപ<br>വികസനഫണ്ട് (എസ്.സി.പി.)-30,09,000/-രൂപ<br>സംസ്ഥാനാവിഷ്കൃതം- 10,00,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത്-30,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത്- 30,00,000/-രൂപ<br>മറ്റുള്ളവ- 99,91,000/-രൂപ |
| ചെലവഴിച്ച തുക | 1) 64,10,000/-രൂപ<br>സംസ്ഥാനാവിഷ്കൃതം- 63,30,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത്-0<br>ജില്ലാ പഞ്ചായത്ത്- 0<br>മറ്റുള്ളവ- 80,000/-രൂപ<br>2) 47,60,000/-രൂപ<br>വികസനഫണ്ട് (എസ്.സി.പി.)-30,00,000/-രൂപ<br>സംസ്ഥാനാവിഷ്കൃതം- 9,60,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത്-0<br>ജില്ലാ പഞ്ചായത്ത്- 5,60,000/-രൂപ<br>മറ്റുള്ളവ- 2,40,000/-രൂപ |

ലൈഫ് ഭവന പദ്ധതി (പട്ടികജാതി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക (₹), ബിൽ നം./റിക്വസിഷൻ നം./ ചെക്ക് നം., തീയതി |
|---|---|---|
| 1 | ഗീത, കുറ്റിപ്പുറത്ത് വീട്, പെരുവേലിക്കര | 40,000/-, 50311100902210024, 04.08.21 |
| 2 | സിനി എസ്., അമിത ഭവനം, മുതുപിലാക്കാട് | 40,000/-, 12/17.12.21 |
| 3 | രാജേന്ദ്രൻ , താഴക്കാട്ട് തെക്കതിൽ | 40,000/-, 12/17.12.21 |
| 4 | സുരേഷ് കുമാർ, കുരമ്പിലേത്ത് വടക്കേപ്പുര | 40,000/-, 23/17.12.21 |
| 5 | കുഞ്ഞു പണിക്കൻ, കുരമ്പിലേത്ത്, പോരുവഴി | 40,000/-, 23/17.12.21 |
| 6 | തങ്കമ്മ, മിനിഭവനം, പോരുവഴി | 40,000/-, 23/17.12.21 |
| 7 | സദാനന്ദൻ, താഴക്കാട്ട് തെക്കതിൽ | 40,000/-, 23/17.12.21 |
| 8 | ചെല്ലമ്മ, ഉണ്ടിൽ, പോരുവഴി | 40,000/-, 23/17.12.21 |
| 9 | ബിജു ബി, കൊച്ചുഉണ്ടിൽ പുത്തൻ വീട്, | 40,000/-, 50311100902210060, 21.03.22 |

| | | |
|---|---|---|
| | പള്ളിശ്ശേരിക്കൽ | |
| 10 | ജിനിമോൾ പി.ജെ., പള്ളിയാ കുളങ്ങര വടക്കേതിൽ, പള്ളിശ്ശേരിക്കൽ | 40,000/-, 50311100902210060, 21.03.22 |
| 11 | ഗീത , കുഴിയയ്യത്ത് വീട്, കരിന്തോട്ടുവ | 40,000/-, 23/17.12.21 |
| 12 | സുജാത സി., ചരുവിള, മുതുപിലാക്കാട് | 40,000/-, 50311100902210060, 21.03.22 |
| 13 | ശശിധരൻ, പുന്നത്തുണ്ടിൽ, പള്ളിശ്ശേരിക്കൽ | 40,000/-, 50311100902210060, 21.03.22 |

ടിയാളുകളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ തുക തിരികെ യഥാഫണ്ടിൽ ഒടുക്കുകയോ ചെയ്ത് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-27 പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പുറമ്പോക്ക് ഭൂമി ഉള്ളതായി ബോധ്യപ്പെട്ടു. 22.11.2021 ലെ തീരുമാനം (15) പ്രകാരം പുന്നമൂട് വാർഡിലെ കോട്ടവാതിൽ സെമിത്തേരി കനാൽ അനധികൃതമായി പരിസരവാസികൾ കൈയേറിയതിനാൽ കാൽനടയാത്രക്കാർക്ക് പോലും സഞ്ചരിക്കാൻ പ്രയാസമാണെന്നും ആയതിനാൽ ടി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മെമ്പർ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ടി റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെ അനന്തരനടപടികൾ സ്വീകരിച്ചിട്ടില്ല. പുറമ്പോക്ക് കൈയ്യേറ്റം വ്യാപകമാണെന്നും പഞ്ചായത്ത് പരിധിയിലുള്ള ചില റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള ഭൂമിയായി രേഖകളിൽ ഉൾപ്പെട്ടിട്ടുള്ളതായും കമ്മിറ്റി വിലയിരുത്തുന്നുണ്ട്. അളന്നുതിട്ടപ്പെടുത്തിയ ഭൂമി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. 07.03.2022 ലെ അജണ്ട 6 തീരുമാനം 11 ൽ സ്വകാര്യ വ്യക്തികൾ കൈയ്യേറിയ അട്ടച്ചിറയുടെ ഭാഗം (സ്ഥലം കൈയ്യേറി സ്വകാര്യ വ്യക്തി മതിൽ കെട്ടി) അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് തഹസീൽദാർക്ക് കത്ത് നല്കിയിരുന്നെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ലയെന്ന് അന്വേഷണകുറിപ്പിന് മറുപടി ലഭിച്ചിട്ടുണ്ട്. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 1/2021-22 തീയതി. 29.10.2022.

1-28 പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പരുകൾ നല്കുന്നില്ല

സഞ്ചയ സ്റ്റേറ്റുമെന്റിൽ നിന്നും പ്രിന്റ് എടുത്ത് തയ്യാറാക്കിയിട്ടുള്ള അസ്സസ്സ്മെന്റ് രജിസ്റ്ററിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകിയിട്ടില്ല .

ഓരോ വാർഡിലും കെട്ടിട നമ്പർ മാത്രം നൽകുകയും അസ്സസ്സ്മെന്റ് പൂർത്തീകരിച്ച് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ കെട്ടിട നമ്പരുകൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നമ്പർ |
|---|---|

| | |
|---|---|
| I | 740, 743 |
| II | 874, 875, 877 |
| IV | 677, 678, 686, 690, 695, 696, 697, 729 To 842 |
| V | 668 |
| VI | 640, 643 To 650, 657 To 677 |
| VII | 723, 724, 727 |
| VIIII | 929, 930, 935, 939, 940, 944 |
| IX | 913, 917 |
| X | 883, 885, 886, 887, 891, 898, 899, 901, 902, 903, 904, 905, 907, 911, 913, 921, 925, 926 |
| XII | 675, 676 |
| XIII | 662, 667 |
| XVI | 678 To 690 |
| XVII | 812 |
| XVIII | 818, 823, 825, 826 |
| XIX | 1602 |

മേൽ അപാകത 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്തും കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു (ഓഡിറ്റ് റിപ്പോർട്ട് ഖ. 1-14 കാണുക) .

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് "(I) സഞ്ചയ സോഫ്റ്റ്‌വെയറിൽ നെറ്റ് കണക്ഷൻ ലഭ്യമാകാതിരിക്കുന്ന സമയത്ത് എന്റർ ചെയ്യുന്ന നമ്പരുകൾ വീണ്ടും പുതിയ ഫോം 6 എന്റർ ചെയ്യുന്നതിനായി നൽകുമ്പോൾ 'Number Already Exists' എന്ന മെസേജ് കാണിക്കുന്നതിനെ തുടർന്ന് അടുത്ത നമ്പരുകൾ നൽകി ഡേറ്റാ എൻട്രി പൂർത്തീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കെട്ടിട നമ്പരുകൾ നമ്പർ എന്റർ ചെയ്ത ഉദ്യോഗസ്ഥരുടെ ലോഗിൻ ഇൻബോക്സിൽ ലഭ്യമാണ്. (Ii) ചില സാങ്കേതിക കാരണങ്ങളാൽ, പുതിയ നമ്പരുകൾ ഡാറ്റാ എൻട്രി സമയത്ത് “Timed Out” എന്ന് കാണിച്ച് സേവ് ആയി പോകുന്നതും അവയിലും പിന്നീട് ഡാറ്റാ എൻട്രി തുടരാൻ സാധിക്കാത്തതുമാണ്" എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ഇൻബോക്സിലെ നമ്പരുകൾ പരിശോധിച്ചതിനു ശേഷം മാത്രം പുതിയ കെട്ടിട നമ്പർ കൊടുക്കുന്ന രീതി അവലംബിച്ചിട്ടില്ല. അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ വാർഡിലെയും കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുക എന്ന സോഫ്റ്റ്‌വെയറിന്റെ പ്രാഥമിക ലക്ഷ്യം തന്നെ ഇല്ലാതായ അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾ പരിഹരിച്ചു കിട്ടുന്നതിന് ഐ.കെ.എം. നെ അറിയിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നു. നിലവിൽ അപേക്ഷകളുടെ അപാകതകൾ പരിഹരിച്ച് ഡാറ്റാ എൻട്രി നടപടികൾ സ്വീകരിക്കുന്നതിനാൽ ഈ തെറ്റ് ആവർത്തിക്കുന്നില്ലായെന്നും പറഞ്ഞിട്ടുണ്ട്. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാതെ കിടക്കുന്ന നമ്പരുകൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഐ കെ എം, ഭരണവകുപ്പ് എന്നിവയുടെ നിർദ്ദേശം സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി - 27/21-22 31.10.22

## 1-29 വിനിയോഗ വിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി (നം.74/22) വികസന ഫണ്ടിൽ നിന്നും ₹2,43,750/-(ബിൽ നം. 06/2021-22/ 10.01.22-

പൊതുവിഭാഗം) പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ പേർക്ക് അനുവദിച്ചു. സിനിമാപറമ്പ് ക്ഷീര സംഘം വഴി 39 ഉണഭോക്താക്കളുടെ കന്ന് കുട്ടികൾക്ക് കാലിതീറ്റ സബ്സിഡി അനുവദിക്കുന്നതിനാണ് തുക ഒടുക്കിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗവിവരം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13/2021-22 27.10.22) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,43,750/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതും പ്രോജക്ട് പൂർത്തിയാകുന്നതിനനുസരിച്ച് വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-30 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല.

കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | വൗച്ചർ നം., തീയതി | തുക ₹ |
|---|---|---|---|
| 1 | 138/18 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701429/ 17.03.18 | 3,50,000/- |
| 2 | 38/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801111 / 13.12.18<br>21801112/ 13.12.18<br>21801105/ 27.12.19<br>21801646/ 20.03.19<br>21901033/ 09.12.19 | 6,840/-<br>6,83,850/-<br>2,14,000/-<br>1,32,358/-<br>5,642/- |
| 3 | 57/20 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21901016/ 21.10.19 | 12,77,000/- |
| 4 | 175/20 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001070/ 09.12.19 | 5,75,800/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.24/21-22 29.10.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓരോ പ്രോജക്ടിന്റേയും ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികളും അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണവും വിശദീകരിക്കേണ്ടതുമാണ്.
മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് മെയിന്റനൻസ് അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ – SO102/22

അടങ്കൽ തുക - 5,00,000/-രൂപ (വികസനഫണ്ട് – ജനറൽ)

ചെലവ് – 4,77,450/-രൂപ

ഇ-ഗ്രാം സ്വരാജ് പെയ്മെന്റ് വൗച്ചർ നം. - XVFC/2021-22/P/11,19.11.21

നിർവ്വഹണം – സെക്രട്ടറി.

തെരുവ് വിളക്ക് മെയിന്റനൻസിന് ടെൻഡർ പ്രകാരം ന്യൂ ഏജ് ഇന്റഗ്രേറ്റ്സ്, തിരുവനന്തപുരം പെൻഡന്റ് ഹോൾഡറിന് 19/-രൂപ നിരക്കിൽ ക്വാട്ട് ചെയ്തുവെങ്കിലും, ടി സ്ഥാപനവുമായി 30.7.21 തിയതിയിൽ നെഗോഷ്യയേറ്റ് ചെയ്തത് അനുസരിച്ച് 18/-രൂപ നിരക്കിൽ നൽകാമെന്ന് കരാർ ചെയ്തു. എന്നാൽ 19/-രൂപ നിരക്കിലാണ് തുക നൽകിയത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|
| 38,000/-(2000*19) | 36,000/-(2000*18) | 2,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ 2,000/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി തുക ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം-22/ 29.10.2022.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.10.22, 26.10.22 | കെ.എസ്.എ.കെ.എൽ.എം.പി.10/2042/22 തീയതി 08.02.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 36,023/- | 20/22-നെല്ല് വികസനം | 36,023/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 55,220/- | 152/22-മത്സ്യകൃഷി | 55,220/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,29,242/- | 153/22-മത്സ്യകൃഷി | 1,29,242/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 5,60,000/- | 49/22-ലൈഫ് | 5,60,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 3,90,000/- | 46/22-ലൈഫ് | 3,90,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,50,000/- | 5/22 - എസ്.എൻ.പി. | 1,50,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 2,00,000/- | 2/22-സ്കോളർ ഷിപ്പ് | 2,00,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 75,935/- | 11/22-പാൽ സബ്സിഡി | 75,935/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 33,904/- | 20/22-നെല്ല് വികസനം | 33,904/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000/- | 46/22-ലൈഫ് | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,52,600/- | 2/22-സ്കോളർ ഷിപ്പ് | 1,52,600/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 18,000/- | 123/22-സ്കോളർ ഷിപ്പ് | 18,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 95/22-Electric Line Extention | XVFC/21-22/P/36, 28.2.22, | 4,62,644/- | 4,62,644/- | 0 |
| KSEB | 95/22-Electric Line Extention | XVFC/21-22/P/51, 24.3.22, | 2,58,880/- | 2,58,880/- | 0 |
| KSEB | 95/22-Electric Line Extention | 300482/ 28.3.22 | 62,512/- | 62,512/- | 0 |
| KSEB | 187/22-Electric Line Extention | | 90,720/- | 90,720/- | 0 |
| KSEB | 187/22-Electric Line Extention | 300489/ 30.3.22 | 7102/- | 7102/- | 0 |
| KWA | 103/22/Pipeline Extention | XVFC/21-22/P/69, 29.3.22, | 82,000/- | 82,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹31,20,000/- വരവുണ്ട്. മുൻബാക്കി ₹10,76,800/-യടക്കം ₹41,96,800/- യിൽ ₹29,95,000/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെയുആർഡിഎഫ്സി ലോൺ | 31,20,000/- | 3,72,49,996/- | 62,62,667/- | - | 3,41,07,329/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 68,856/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീസ് നം തിയതി |
|---|---|---|---|---|
| 2004-05 | 3.9 | 601/- | സജുപോൾ, അസി.എഞ്ചിനിയർ | 121110104442/16.12.21 |
| 2010-11 | 2.1(4) | 117/- | സി. ഫ്രഡി ഫെറിയ, സെക്രട്ടറി | 121110106342/1.2.22 |
| 2017-18 | 2.1 | 60,352/- (പലിശ) | സുരേഷികുമാർ കെ പി, അക്കൗണ്ടന്റ് | 121110500001/29.4.21<br>121110500002/25.5.21<br>121110500003/29.6.21<br>121110500004/30.7.21<br>121110500009/26.8.21<br>121110500017/28.9.21<br>121110103675/23.11.21 |
| 2020-21 | 1.11 | 819 | ഷീബ എസ്, ക്ലർക്ക് | 121110103074/20.10.21 |
| 2020-21 | 1.17 | 11,234/- | സുമതോമസ്, അസി. എഞ്ചിനിയർ | 121110103167/26.10.21 |
| | ആകെ- | 73,123/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 2-1 | 2018-19 | | 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,09,31,239/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,78,75,100/-രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,000/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,84,849/-രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 2000/- | ശ്രീ.രാജൻ ആചാരി.ജി. (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,84,462/- | ശ്രീമതി തസ്നിമ ബീഗം, (ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ) |
| 1-14 | 10,09,025/- | ശ്രീ. രാജൻ ആചാരി. ജി. (സെക്രട്ടറി) |
| 1-17 | 28,339/- | ശ്രീ. രാജൻ ആചാരി. ജി. (സെക്രട്ടറി) |
| 1-18 | 2,82,641/- | ശ്രീ. രാജൻ ആചാരി. ജി. (സെക്രട്ടറി) |
| 1-20 | 4,71,661/- | ഡോ. സബിത വിജയൻ. (മെഡിക്കൽ ഓഫീസർ, ഹോമിയോ) |
| 1-29 | 2,43,750/- | ശ്രീ. ബൈജുഷാ എ എം, വെറ്ററിനറി സർജൻ |
| ആകെ | 22,19,878/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജൻ ആചാരി ജി. (സെക്രട്ടറി) | വിരമിച്ചു | ആലുവിള പുത്തൻവീട്, കിടങ്ങയം നടുവിൽ, പതാരം പി.ഒ, ശൂരനാട് സൗത്ത്. |
| ഡോ.സബിത വിജയൻ. (മെഡിക്കൽ ഓഫീസർ ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ, ശാസ്താംകോട്ട | ശ്രിനന്ദനം, മുഖത്തല പി.ഒ കൊല്ലം |
| ശ്രീമതി തസ്നിമ ബീഗം, (ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ) | ഫിഷറീസ് ഇൻസ്പെക്ടർ, തേവലക്കര | കായാവിൽ, കുട്ടിക്കട, തട്ടാമല |
| ശ്രീ. ബൈജുഷാ എ എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ശാസ്താംകോട്ട | പുത്തൻകട, ശൂരനാട് പി.ഒ, ചക്കുവള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 1997-98 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 3 |
| 1998-99 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 4 |
| 1999-2000 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 13 |
| 2000-01 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 2 |
| 2002-03 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 5 |
| 2003-04 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ 21.2.18 | 10 |
| 2004-05 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 8 |
| 2005-06 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ 21.2.18 | 12 |
| 2006-07 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2007-08 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 8 |
| 2008-09 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 3 |
| 2009-10 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 6 |
| 2010-11 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19, തീ 29.05.19 | 16 |
| 2011-12 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 4 |
| 2012-13 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 9 |
| 2013-14-2014-15 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 18 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം.- പി 10/അദാലത്ത്/191/22, തീ 22.8.22 | 4 |
| 2016-17 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1371 /18 തീ 17.05.19 | 17 |
| 2017-18 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1926 /18 തീ 15.05.19 | 19 |
| 2018-19 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1407/19 തീ 05.10.19 | 11 |
| 2019-20 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1527/21 തീ 06.05.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1528/21 തീ 08.07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ .ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.